നമ്പർ.ഡി1/5600/17/ഡിപിഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 31.01.2019.

# സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം (ഗസറ്റഡ്) ജീവനക്കാരുടെ സ്ഥലംമാറ്റം - സംബന്ധിച്ച്.

**സൂചന:-** സർക്കാർ ഉത്തരവ് (പി)3/2017/ഉ.ഭ.പ.വ. തീയതി 25/02/2017.

..........

പൊതുവിദ്യാഭ്യാസ വകുപ്പിലെ വിദ്യാഭ്യാസ മിനിസ്റ്റീരിയൽ (ഗസറ്റഡ്) വിഭാഗം ജീവനക്കാരുടെ 2019-ലെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്ഥലംമാറ്റം ആവശ്യമുള്ള ഒഴിവുകളുടെ പേര് മുൻഗണനാക്രമത്തിൽ നൽകാവുന്നതാണ്. നിലവിലുള്ള ആഫീസർമാർ ഒരു വർഷം ഒരു അപേക്ഷ മാത്രം സ്ഥലംമാറ്റത്തിനായി സമർപ്പിച്ചാൽ മതിയാകും. എന്നാൽ പുതിയതായി പ്രമോഷൻ ലഭിക്കുന്നവർ സ്ഥലംമാറ്റം ആവശ്യമുണ്ടെങ്കിൽ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിച്ചശേഷം സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ അപേക്ഷകൾ അയച്ചാൽ ആദ്യം ലഭിക്കുന്ന അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ഓപ്ഷൻ ഒരു കാരണവശാലും മാറ്റാൻ അനുവദിക്കുന്നതല്ല. എന്നാൽ ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്.

നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറവും സ്ഥലംമാറ്റത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.

പൂരിപ്പിച്ച അപേക്ഷകൾ 15/02/2019-ാം തീയതിക്കു മുൻപായി ഈ ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

(ഒപ്പ്)
പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്ജ്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

## സ്ഥലംമാറ്റത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

1. നിലവിലുള്ള ഒഴിവുകളിലേക്ക് ഒരു വർഷത്തിൽ താഴെ മാത്രം സർവ്വീസ് ബാക്കിയുള്ള ഓഫീസർമാരുടെ അപേക്ഷ സീനിയോറിറ്റി നോക്കാതെ തന്നെ സ്ഥലംമാറ്റത്തിനായി പരിഗണിക്കുന്നതാണ്.

2. നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി ബാക്കിയുള്ള ഒഴിവുകൾ സീനിയോറിറ്റി പ്രകാരവും മറ്റ് മുൻഗണന വിഭാഗത്തിൽപ്പെട്ടവരെയും കൂടി പരിഗണിച്ച് സ്ഥലംമാറ്റം നടത്തുന്നതാണ്. **(മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ട ജീവനക്കാർ അനുബന്ധ രേഖകളുടെ പകർപ്പ് അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.)**

3. സ്ഥലംമാറ്റ അപേക്ഷയിൽ സ്വന്തം ജില്ലയിൽ (ഹോം സ്റ്റേഷൻ) ഒഴിവില്ലാത്ത പക്ഷം അപേക്ഷകന് തന്റെ തൊട്ടടുത്ത ജില്ലയിൽ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ജില്ലയിലേക്കുള്ള അപേക്ഷകരിൽ ആ ജില്ലയിലുള്ളവർക്കായിരിക്കും മുൻഗണന. ജീവനക്കാരൻ സർവ്വീസിൽ പ്രവേശിച്ച സമയത്ത് ഓപ്റ്റ് ചെയ്തതോ അല്ലെങ്കിൽ സ്ഥിരമായി താമസിക്കുന്നതോ ആയതാണ് സ്വന്തം ജില്ല എന്ന് ഉദ്ദേശിക്കുന്നത്.

4. സ്ഥലംമാറ്റം നടത്തിയതിനുശേഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുമ്പോൾ ഒരു വർഷത്തിൽ താഴെ മാത്രം സർവ്വീസിലുള്ളവരെ ഒഴിവുകളുടെ ലഭ്യതയ്ക്ക് വിധേയമായി സീനിയോറിറ്റി നോക്കാതെ സ്വന്തം ജില്ലയിൽതന്നെ നിലനിർത്തുന്നതാണ്.

5. മേൽ പ്രകാരം സ്ഥാനക്കയറ്റം നൽകുമ്പോൾ ഒരു ജില്ലയിൽ ഉണ്ടാകുന്ന ഒഴിവിൽ ആ ജില്ലയിലുള്ളവരെ പരിഗണിച്ച ശേഷം മാത്രമേ ബാക്കിയുള്ള ഒഴിവിലേക്ക് മറ്റ് ജില്ലകളിൽ നിന്നുള്ളവരെ പരിഗണിക്കൂ.

6. മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ സ്ഥലത്ത് ജോലി ചെയ്യുന്നവരുടെ സ്ഥാനത്തേക്ക് മറ്റ് അപേക്ഷകർ ഉണ്ടെങ്കിൽ ടി വ്യക്തി അപേക്ഷ നൽകിയിട്ടില്ലെങ്കിൽപോലും പ്രസ്തുത സ്ഥാനത്തിലേക്കുള്ള അപേക്ഷ പരിഗണിക്കുന്നതാണ്.

7. സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും (www.education.kerala.gov.in) ഡൗൺലോഡ് ചെയ്തെടുത്ത് പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കാവുന്നതാണ്.

(ഒപ്പ്)

പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്ജ്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

# മിനിസ്റ്റീരിയൽ വിഭാഗം ഗസറ്റഡ് ഓഫീസർമാരുടെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ (2019)

<table>
<tr><td>1</td><td>പേര്</td><td colspan="3"></td></tr>
<tr><td>2</td><td>തസ്തിക, നിലവിലെ കാര്യാലയം</td><td colspan="3"></td></tr>
<tr><td>3</td><td>സ്ഥാനക്കയറ്റം ലഭിച്ച ഉത്തര വിന്റെ നമ്പർ, തീയതി</td><td colspan="3"></td></tr>
<tr><td>4</td><td>ജനന തീയതി</td><td colspan="3"></td></tr>
<tr><td rowspan="4">5</td><td rowspan="4">ടി കേഡറിൽ ജോലിചെയ്ത ഓഫീസുകളും കാലയളവും</td><td>ഓഫീസ്</td><td>മുതൽ</td><td>വരെ</td></tr>
<tr><td></td><td></td><td></td></tr>
<tr><td></td><td></td><td></td></tr>
<tr><td></td><td></td><td></td></tr>
<tr><td>6</td><td>സീനിയോറിറ്റി സംബന്ധിച്ച വിവരം</td><td colspan="3">....................മുതൽ................വരെയുള്ള സീനിയോറിറ്റി ലിസ്റ്റിലെ റാങ്ക് നം. (ക്രമ. നം) ..................... ആണ്.</td></tr>
<tr><td>7</td><td>മാതൃ ജില്ല/സ്വന്തം ജില്ല</td><td colspan="3"></td></tr>
<tr><td>8</td><td>മൊബൈൽ നം.</td><td colspan="3"></td></tr>
<tr><td>9</td><td>നിലവിലുള്ള സ്റ്റേഷനിലേക്കുള്ള സ്ഥലംമാറ്റം അപേക്ഷ പ്രകാരം ആയിരുന്നോ;</td><td colspan="3">അതെ/അല്ല</td></tr>
<tr><td>10</td><td>നിലവിലെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി</td><td colspan="3"></td></tr>
<tr><td>11</td><td>സ്ഥലംമാറ്റം ആവശ്യപ്പെടുന്ന 5 ഓഫീസുകളുടെ/സ്റ്റേഷനുകളുടെ പേര് മുൻഗണനാക്രമത്തിൽ (മാതൃജില്ലയ്ക്ക് വെളിയിലെ ഓഫീസുകൾക്ക് നേരെ ഏത് ജില്ല യാണെന്നുകൂടി വ്യക്തമാക്കേണ്ട താണ്)</td><td colspan="3">1.<br>2.<br>3.<br>4.<br>5.</td></tr>
<tr><td>12</td><td>സ്ഥലംമാറ്റം ആവശ്യപ്പെടുന്ന-തിനുള്ള കാരണം</td><td colspan="3"></td></tr>
<tr><td>12</td><td>ഏതെങ്കിലും തരത്തിലുള്ള മുൻഗണന അവകാശപ്പെടുന്നു-ണ്ടെങ്കിൽ വിശദവിവരം ; (തെളിയിക്കുന്നതിനാവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.)</td><td colspan="3"></td></tr>
<tr><td>14</td><td>അപേക്ഷകന്റെ ഒപ്പ് (തീയതി സഹിതം)</td><td colspan="3"></td></tr>
<tr><td>15</td><td>മേലധികാരിയുടെ ശുപാർശ</td><td colspan="3"></td></tr>
</table>